**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5435** **21-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ക്ഷീര വികസന - മൃഗ സംരക്ഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾ നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | 2022-23 വർഷത്തിൽ, പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി ബ്ലോക്കുകളിലേയ്ക്ക് രാത്രികാല സേവന പദ്ധതിയിൽ ഒരു വെറ്ററിനറി ഡോക്ടർ, ഒരു അറ്റൻഡന്റ് എന്നിവരെ വീതം കരാറടിസ്ഥാനത്തിൽ നിയമിച്ച് സേവനം നൽകിവരുന്നു. മൃഗസമ്പത്ത് കൂടുതലുള്ള എരുമേലി പഞ്ചായത്തിൽ വന്ധ്യതാ നിവാരണപ്രവർത്തനം പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>പൂഞ്ഞാർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ; | (ബി) | **മൃഗസംരക്ഷണ വകുപ്പ്**<br><br>2022-23 സാമ്പത്തിക വർഷത്തിൽ രാത്രികാല സേവന പദ്ധതിയിൽ പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി ബ്ലോക്കുകളിലേയ്ക്ക് ആദ്യ ഗഡുവായി 1,66,125/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. വന്ധ്യതാ നിവാരണ പ്രവർത്തനങ്ങൾക്കായി എരുമേലി മൃഗാശുപത്രിക്ക് 10,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>**ക്ഷീരവികസന വകുപ്പ്**<br><br>2022-23 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ<br><br>1. തീറ്റപ്പുൽകൃഷി- 20 സെന്റിനു മുകളിൽ - Rs: 2,91,000/- (12 ഹെക്ടർ)<br>2. തീറ്റപ്പുൽകൃഷി- 20 സെന്റിൽ താഴെ - Rs: 10,500/- (1 ഹെക്ടർ)<br>3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ - Rs. 21,000/- (7 FCP) |

| | | | |
|---|---|---|---|
| | | | 4. കാറ്റിൽഫീഡ് സബ്സിഡി - Rs: 73,000/- (മിനറൽ മിക്സ്ചർ - Govit 300 എണ്ണം, keramin – 500 എണ്ണം)<br>5. കന്നുകുട്ടി ദത്തെടുക്കൽ - Rs: 60,450/- (13 കന്നു കുട്ടികൾക്കുള്ള ധനസഹായം)<br>6. പാൽ ഗുണനിലവാര ബോധവൽക്കരണ ക്ലാസ്സ് - Rs: 7,500/-(ഒരു ക്ലാസ്സ്)<br>7. വൃക്ഷവിളകൾ Rs: 1,750/- (350 എണ്ണം) |
| (സി) | സുഭിക്ഷ കേരളം പദ്ധതി പ്രകാരം മണ്ഡലത്തിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | സുഭിക്ഷ കേരളം പദ്ധതി മൃഗസംരക്ഷണ വകുപ്പോ ക്ഷീരവികസന വകുപ്പോ നേരിട്ട് നടപ്പിലാക്കുന്നില്ല. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

**<u>പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ</u>**

ഈരാറ്റുപേട്ട ബ്ലോക്ക് ക്ഷീരവികസന യൂണിറ്റ് മുഖാന്തിരം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികൾ

1. <u>മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (MSDP)</u>
   ടി പദ്ധതിയുടെ കീഴിൽ പശുക്കൾ, കിടാരികൾ, തൊഴുത്തിൽ ആവശ്യമായ സാധനങ്ങൾ, കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും സബ്സിഡി അനുവദിക്കുന്നു.
2. <u>തീറ്റപ്പുൽകൃഷി വികസനം</u>
   ടി പദ്ധതിയിൽ തീറ്റപ്പുൽകൃഷി ചെയ്യുന്നതിലേക്കായി ഒരു സെന്റിന് 55/- രൂപ നിരക്കിൽ സബ്സിഡിയും, തീറ്റപ്പുൽജലസേചന ആവശ്യത്തിനും തീറ്റപ്പുൽ വിപണനത്തിനും സബ്സിഡി അനുവദിക്കുന്നു.
3. <u>ക്ഷീരവികസന വിജ്ഞാന വ്യാപന പദ്ധതികൾ</u>
   ക്ഷീരകർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ, സെമിനാറുകൾ, കന്നുകാലി നഷ്ടപരിഹാരം, ക്ഷീരസംഗമം എന്നിവ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
4. <u>ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം</u>
   ടി പദ്ധതിയിൽ ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസനങ്ങൾ പാൽ ഗുണനിലവാരം ഉറപ്പാക്കൽ, പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം, സംഘങ്ങളുടെ പുനരുദ്ധാരണം, നവീകരണം എന്നിവയ്ക്ക് തുക അനുവദിക്കുന്നു.
5. <u>ക്ഷീരകർഷക ക്ഷേമനിധി ധനസഹായ പ്രവർത്തനങ്ങൾ</u>
   ക്ഷീരകർഷക പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു.
6. <u>ക്ഷീരസാന്ത്വനം:</u> സമഗ്ര ക്ഷീരകർഷക ഇൻഷ്വറൻസ് പദ്ധതി
7. <u>ക്ഷീരസംഘങ്ങൾക്കുള്ള പ്രത്യേക ധനസഹായം</u>
   (ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, മഴവെള്ള സംഭരണി, സൗരോർജ പാനൽ സ്ഥാപിക്കൽ)

മറ്റ് ഏജൻസികൾ മുഖേന ഈരാറ്റുപേട്ട ബ്ലോക്കിൽ പൂഞ്ഞാർ തെക്കേക്കര, തിടനാട്, പൂഞ്ഞാർ, തീക്കോയി പഞ്ചായത്തിൽ പാലിന് സബ്സിഡി, കാലിത്തീറ്റ സബ്സിഡി, മിനറൽ മിക്സ്ചർ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പ് – ആത്മ (ATMA) ഫണ്ട് ഉപയോഗിച്ച് ക്ഷീരവികസന പരിശീലനം, സെമിനാറുകൾ, ബോധവത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു.

കാഞ്ഞിരപ്പള്ളി ബ്ലോക്ക് ക്ഷീരവികസന യൂണിറ്റ് മുഖാന്തിരം പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ :

1. തീറ്റപ്പുൽ കൃഷി – 12 ഹെക്ടർ
2. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി – 7 എണ്ണം.
3. കർഷക സമ്പർക്ക പരിപാടി – 8 എണ്ണം
4. ക്ഷീരകർഷക സംഗമം – കൂട്ടിക്കൽ ക്ഷീരസംഘത്തിന്റെ നേതൃത്വത്തിൽ നടത്തുന്നു.
5. മറ്റ് ഏജൻസികൾ മുഖേന കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ നടപ്പിലാക്കുന്ന പദ്ധതികൾ -

ക്ഷീരവർദ്ധിനി ജില്ലാ പഞ്ചായത്ത് പദ്ധതി 2021-22 പ്രകാരം പാണപിലാവ്, ഇഞ്ചിയാനി, ഇളംകാട് സംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതം നൽകിയതിൻ പ്രകാരം ഈ വർഷം 15 ഉരുക്കളെ വാങ്ങുന്നതിന് കർഷകർക്ക് 40,000/- രൂപ വീതം ധനസഹായം നൽകി വരുന്നുണ്ട്.

6. ആത്മ ജനറൽ ഫണ്ട് ഉപയോഗിച്ച് വനിതാ കർഷകർക്ക് 10 പേരടങ്ങിയ 2 ഗ്രൂപ്പുകൾക്ക് 10,000/- രൂപയ്ക്ക് 1000 രൂപയുടെ കിറ്റ് (പാൽ പാത്രം, സ്റ്റീൽ അരിപ്പ, ബ്രഷ്, സോപ്പ്) വിതരണം 20 പേർക്ക് നൽകി. 2 ഗ്രൂപ്പുകൾക്ക് 10,000/- രൂപ വീതം 20,000/- രൂപ നൽകി.

2022-23 സാമ്പത്തിക വർഷം പാറത്തോട്, എരുമേലി, മുണ്ടക്കയം, കൂട്ടിക്കൽ, കോരുത്തോട് ഗ്രാമപഞ്ചായത്ത് മുഖാന്തിരം 23.85 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ